# സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

**ജവഹർ സഹകരണ ഭവൻ ,ഡി.പി.ഐ ജംഗ്ഷൻ**
**തൈക്കാട് പി.ഒ. വഴുതക്കാട് ,തിരുവനന്തപുരം 695 014**
ഫോൺ :0471-2468690,2468670

വിജ്ഞാപനം: 4/2024

വിജ്ഞാപന തിയ്യതി: 15-05-2024 അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 02-07-2024

താഴെപ്പറയുന്ന സഹകരണ സംഘം/ ബാങ്കുകളിൽ ഒഴിവുള്ള തസ്തികകളിലേക്ക് തെരെഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**നിയമന രീതി:** നേരിട്ടുള്ള നിയമനം. പരീക്ഷാബോർഡ് നടത്തുന്ന ഓൺലൈൻ പരീക്ഷയുടെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ പരീക്ഷ ബോർഡ് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരം.

**നിയമന അധികാരി :** ബന്ധപ്പെട്ട സഹകരണ സംഘം / ബാങ്കുകൾ

**അപേക്ഷ സമർപ്പിക്കൽ:** ഒറ്റത്തവണ രെജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രെജിസ്ട്രേഷൻ പൂർത്തിയാക്കിയതിനു ശേഷവും, നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി പരീക്ഷ ബോർഡിൻറെ വെബ്സൈറ്റിലൂടെ (www.cseb.kerala.gov.in) അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## കാറ്റഗറി നമ്പർ: 4/2024 ( സിസ്റ്റം അഡ്മിനിസ്ട്രേറ്റർ )

**വിദ്യാഭ്യാസ യോഗ്യത :**

QUALIFICATION: First class B.Tech degree in Computer Science, IT, Electronics and Communication Engineering / MCA/MSc (Computer Science or IT). Desirable: Redhat Certification will be an added advantage.
EXPERIENCE: Minimum working experience of 3 years in installing, configuring and trouble shooting UNIX/Linux based envirornments. Solid experience in the administration application stacks (e.g., Tomcat, JBoss,Apache, NGINX). Experience with monitoring systems (Eg. Nagios). Experience in scripting skills (e.g., shell scripts, Perl, Python). Solid networking Knowledge (OSI network layers, TCP/IP).Experience with SAN storage environment with NFS mounts and physical and logical volume management. Experience with tape library back up.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ഒഴിവുകളുടെ എണ്ണം & ശമ്പള സ്കെയിൽ |
|---|---|---|
| 1 | കൊട്ടാരക്കര സഹകരണ അർബൻ ബാങ്ക് ക്ലിപ്തം1909,<br>കൊല്ലം,Pin:691506<br>Phone:04742454392 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ - 1<br>ജനറൽ:1<br>24730 - 68810 |
| 2 | അവിണിശ്ശേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തംR 400,<br>തൃശ്ശൂർ,Pin:680306<br>Phone:8301059403 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ - 1<br>ജനറൽ:1<br>23310 - 57340 |
| 3 | മാടായി സഹകരണ റൂറൽ ബേങ്ക് ക്ലിപ്തം നംF 1233,<br>കണ്ണൂർ,Pin:670303<br>Phone:04972876835 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ - 1<br>ജനറൽ:1<br>26580 - 63790 |
| 4 | നീലേശ്വരം അർബൻ കോ-ഓപറേറ്റീവ് ബാങ്ക് ക്ളിപ്തംS 281,<br>കാസർഗോഡ്,Pin:671314<br>Phone:04672282950 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ - 1<br>ജനറൽ:1<br>24730 - 68810 |

1 പ്രായപരിധി 1/1/2024 ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 40 (നാൽപ്പത്) വയസ്സ് കഴിയാൻ പാടില്ലാത്തതുമാകുന്നു. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ചുവർഷത്തെ ഇളവ് അനുവദിക്കുന്നുണ്ട് . കൂടാതെ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുതിർന്ന വ്യക്തിക്കോ അവരുടെ അപ്രകാരമുള്ള മുതിർന്ന അംഗം മറ്റു മതങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവരുടെ കുട്ടികൾക്കോ ഉയർന്ന പ്രായപരിധിയിൽ അഞ്ചു വർഷത്തെ ഇളവും, മറ്റു പിന്നോക്കവിഭാഗത്തിനും വിമുക്ത ഭടന്മാർക്കും പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന വിഭാഗങ്ങൾക്കും (EWS) മൂന്നു വർഷത്തെ ഇളവും, ഭിന്നശേഷിക്കാർക്ക് പത്ത് വർഷത്തെ ഇളവും, വിധവകൾക്ക് അഞ്ച് വർഷത്തെ ഇളവും ലഭിക്കുന്നതാണ്.

2 സഹകരണ പരീക്ഷാ ബോർഡ് നടത്തുന്ന ഓൺലൈൻ പരീക്ഷ 80 മാർക്കിനാണ്. ഒരു സംഘം / ബാങ്കിന്റെ യോഗ്യത ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥിയ്ക്ക് പ്രസ്തുത സംഘത്തിലെ അഭിമുഖം പരമാവധി 15 മാർക്കിന് ആയിരിക്കും. ആയതിൽ അഭിമുഖത്തിന് ഹാജരായാൽ മിനിമം 3 മാർക്ക് ലഭിക്കുന്നതാണ് . ബാക്കി 12 മാർക്ക് അഭിമുഖത്തിന്റെ പ്രകടനത്തിനുമാണ്.

3 ഉദ്യോഗാർത്ഥികൾക്ക് ഒന്നിൽ കൂടുതൽ സംഘം / ബാങ്കുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. പൊതു വിഭാഗക്കാർക്കും , വയസ്സ് ഇളവ് ലഭിക്കുന്നവർ ഉൾപ്പടെ ഉള്ളവർക്കും ( സഹകരണ ചട്ടം 183(1) പ്രകാരം ഒരു സംഘം / ബാങ്കിന് 150 രൂപയും , തുടർന്നുള്ള ഓരോ സംഘം /ബാങ്കിനും 50 രൂപ വീതവും അധികമായി പരീക്ഷാ ഫീസായി അടയ്ക്കണം. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിന് അപേക്ഷയിലെ സംഘം / ബാങ്കിന് 50 രൂപയും തുടർന്നുള്ള ഓരോ സംഘം / ബാങ്കിനും 50 രൂപ വീതവും അധികമായി പരീക്ഷാ ഫീസായി അടയ്ക്കണം.**ഉദ്യോഗാർത്ഥികൾ സഹകരണ സർവീസ് പരീക്ഷ ബോർഡിൻറെ വെബ്സൈറ്റ് (www.keralacseb.kerala.gov.in) പരിശോധിച്ച് വിജ്ഞാപനം വായിച്ചുനോക്കിയതിനു ശേഷം ഓൺലൈൻ അപേക്ഷ സമർപ്പിക്കുക. തപാൽ മുഖേന അയക്കുന്ന അപേക്ഷ സ്വീകരിക്കുന്നതല്ല.**

4 വിദ്യാഭ്യാസ യോഗ്യത : അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതിയ്ക്കു മുൻപായി നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളവർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5 സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് 3 % പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 14/07/2011 ലെ 54 / 2011 – ം നമ്പർ സർക്കുലറും, പ്രസ്തുത സർക്കുലറിന്റെ അനുബന്ധത്തിൽ മാറ്റം വരുത്തിക്കൊണ്ട് 24/01/2020 ലെ 8/ 2020 – ം നമ്പർ സർക്കുലർ പ്രകാരവും ഒഴിവു നികത്തുന്നതായിരിക്കും. സഹകരണ സംഘം / ബാങ്കുകളിൽ ജീവനക്കാരുടെ എണ്ണം നൂറോ അതിൽ കൂടുതലോ ആണെങ്കിൽ 100 വീതം എടുത്ത് 33,66,99 എന്നീ ക്രമ നമ്പറുകളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്കു നിയമനം നൽകികൊണ്ട് 3% സംവരണം പാലിക്കുന്നതാണ്.

6 അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി: 02-07-2024

സഹകരണ സർവീസ് പരീക്ഷാ ബോർഡിനു വേണ്ടി ,

റ്റി . സുരേഷ് കുമാർ

സെക്രട്ടറി

സഹകരണ സർവീസ് പരീക്ഷാ ബോർഡ്

തിരുവനന്തപുരം

സ്ഥലം : തിരുവനന്തപുരം

തീയതി : **15-05-2024**